**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യംനമ്പർ.2887** **18.08.2017- ൽ മറുപടിയ്ക്ക്**

## ബോട്ട്-ഇൻ-ലാൻഡായ ഭൂമി ഉപയോഗപ്രദമാക്കാൻ നടപടി

| ചോദ്യം: | മറുപടി: |
|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ് | ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) ഏറ്റെടുത്ത് അഞ്ചു വർഷം കഴിഞ്ഞാൽ സർക്കാർ ആവശ്യങ്ങൾക്കായി ഉപയോഗിക്കാമെന്ന് നിയമപ്രകാരം വ്യവസ്ഥയുണ്ടായിട്ടും, എറണാകുളം ജില്ലയിലെ ഇടക്കൊച്ചി, തോപ്പുംപടി വില്ലേജുകളിൽ 11.04.1973 – ൽ ഏറ്റെടുത്ത ബോട്ട്-ഇൻ-ലാൻഡായിട്ടുള്ള ഏക്കർ കണക്കിന് ഭൂമി ഉപയോഗപ്രദ മാക്കാത്തതിന് കാരണം വിശദമാക്കുമോ; | (എ) കൊച്ചി താലൂക്കിൽ തോപ്പുംപടി വില്ലേജിൽ സർവ്വെ നം.2421/1 – ൽപ്പെട്ട 01.50.529 ഏക്കർ ഭൂമിയും ഇടക്കൊച്ചി വില്ലേജിൽ സർവ്വെ നം.349/1,2, 350/1,2,4,5 എന്നിവയി ൽപ്പെട്ട 1 ഏക്കർ 23 സെന്റ് ഭൂമിയും സർവ്വെ നം. 287/2, 289/1,2,3,4,8 ൽപ്പെട്ട 1.69.420 ഏക്കർ ഭൂമിയും ബോട്ട്-ഇൻ-ലാൻഡായി ഏറ്റെടുത്തിരുന്നു. ബഹു. സുപ്രീം കോടതി മുൻപാകെ M/s. വി.ഒ. വക്കൻ & സൺസ് ഫയൽ ചെയ്ത SLP 32524/10 നമ്പർ കേസ്സിൽ ചീഫ് സെക്രട്ടറി, ജില്ലാ കളക്ടർ, MD, KSCC, FOAM MATTINGS INDIA LTD എന്നിവരെ എതിർ കക്ഷികളായി ചേർക്കുകയും പ്രസ്തുത കേസ് നിലനിൽക്കുന്നതിനാലുമാണ് ഭൂമി ഉപയോഗപ്രദമാക്കാൻ കഴിയാതിരുന്നത്. മാത്രമല്ല കോടതി വിധികളുടെയും മറ്റും അടിസ്ഥാനത്തിൽ ചില കേസ്സുകളിൽ ബോട്ട്-ഇൻ-ലാൻഡാക്കിയ ഭൂമി അഞ്ചുവർഷം കഴിഞ്ഞതിനു ശേഷവും തിരികെ നൽകേണ്ടി വരുന്നുണ്ട്. |
| (ബി) ഇതു സംബന്ധിച്ച് എറണാകുളം ജില്ലാ കളക്ടർക്ക് 15.06.2017 – ൽ നൽകിയ കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ; | (ബി) ബഹു:എം.എൽ.എ ശ്രീ.ജോൺ ഫെർണാണ്ടസിന്റെ ഓഫീസിൽ നിന്നും ജില്ലാ കളക്ടർക്ക് നേരിട്ടു നൽകിയ കത്ത് തുടർ നടപടികൾക്കായി കൊച്ചി (ആർ.ആർ) സ്പെഷ്യൽ തഹസിൽ ദാർക്കു നൽകിയിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ